പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1794

17.03.2015 ലെ മറുപടിയ്ക്ക്

**ശാസ്ത്ര നയം**

**ചോദ്യം**

**ശ്രീ. എം. ഹംസ**

(എ) സംസ്ഥാനത്തിന് മാത്രമായി ശാസ്ത്ര നയം രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ അത് ലഭ്യമാക്കാമോ;

(ബി) ശാസ്ത്ര സാങ്കേതിക രംഗത്ത് ഗവേഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത്; ഏതെല്ലാം മേഖലകളിൽ; വിശദാംശം ലഭ്യമാക്കാമോ;

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) സംസ്ഥാനത്തിന് മാത്രമായി ശാസ്ത്ര നയം ഇതുവരെ രൂപീകരിച്ചിട്ടില്ല. എന്നാൽ ശാസ്ത്ര നയത്തിന്റെ ഒരു കരട് രൂപം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ തയ്യാറാക്കി വരുന്നു.

(ബി) 2013, ജനുവരിയിൽ കേന്ദ്ര സർക്കാർ (ശാസ്ത്ര സാങ്കേതികവകുപ്പ്) കൊണ്ടുവന്ന സയൻസ്, ടെക്നോളജി, ഇന്നവേഷൻ പോളിസിയ്ക്കനുസൃതമായി കേരളത്തിന്റെ മനുഷ്യവിഭവശേഷി, ഭൂമിശാസ്ത്രം, പാരിസ്ഥിതിക പ്രത്യേകതകൾ എന്നിവ കണക്കിലെടുത്ത് ഒരു ശാസ്ത്രനയത്തിന് രൂപം കൊടുക്കുകയെന്നതാണ് കേരള ശാസ്ത്ര സാങ്കേതിക നയത്തിന്റെ പ്രത്യേകത. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം, കേരള ജനതയുടെ സമഗ്രമായ വളർച്ച എന്നിവ എങ്ങനെ നമ്മുടെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലത്തെ നിലനിർത്തിക്കൊണ്ട് ശാസ്ത്രീയ സമീപനങ്ങളിലൂടെ സാദ്ധ്യമാക്കാമെന്നാണ് ഈ നയരേഖയിൽ ഉദ്ദേശിച്ചിരിക്കുന്നത്. വനം, പരിസ്ഥിതി, ജലം, കാലാവസ്ഥവ്യതിയാനം എന്നീ മേഖലകളിലുള്ള ശാസ്ത്രീയമായ പഠനങ്ങളും ഇടപെടലുകളും ഈ കരട് നയരേഖയിലുണ്ട്.

| | |
|---|---|
| (സി) ശാസ്ത്ര ഗവേഷണത്തിന്റെ ഭാഗമായി എന്തെങ്കിലും എടുത്തുപറയത്തക്ക നേട്ടം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) സംസ്ഥാനത്തിന്റെ വികസനത്തിനു തകുന്ന ശാസ്ത്രവിജ്ഞാനം ആർജിക്കുന്നതിനായുള്ള പല ഗവേഷണ പദ്ധതികളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും പരിസ്ഥിതി സംബന്ധിയായും നൂതന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിലേക്കായും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്ര ഗവേഷണത്തിന് വിദ്യാർത്ഥികളെ ആകർഷിക്കാനുള്ള പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ